പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 4715

26.10.2016 -ലെ മറുപടിയ്ക്ക്

# കായംകുളം ഫിഷിംഗ് ഹാർബറിലെ തൊഴിലാളികൾക്ക് തൊഴിൽ കാർഡ് വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാമചന്ദ്രൻ | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) കായംകുളം ഫിഷിംഗ് ഹാർബറിലെ തൊഴിലാളികൾക്ക് തൊഴിൽ കാർഡ് വിതരണം ചെയ്യപ്പെട്ടിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. കായംകുളം ഫിഷിംഗ് ഹാർബറിൽ ജോലി ചെയ്യുന്ന നാനൂറോളം തൊഴിലാളികളിൽ 26 പേർ കേരള ചുമട്ടുതൊഴിലാളി നിയമപ്രകാരമുള്ള രജിസ്ട്രേഷനായി കരുനാഗപ്പള്ളി അസിസ്റ്റന്റ് ലേബർ ഓഫീസർ മുമ്പാകെ സമർപ്പിച്ച അപേക്ഷകൾ, അപേക്ഷകർ മത്സ്യതൊഴിലാളികളാണ് എന്ന കാരണത്താൽ നിരസിച്ചിരുന്നു. തുടർന്ന് അപേക്ഷകർ കൊല്ലം ജില്ലാ ലേബർ ഓഫീസിൽ അപ്പീൽ സമർപ്പിക്കുകയും ടി അപേക്ഷകർ ഹാർബറിൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട ജോലികൾ ചെയ്യുന്നവരാണെന്നും മത്സ്യതൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളാണെന്നും ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് അപ്പീൽ അപേക്ഷകൾ നിരസിച്ചിട്ടുള്ളതുമാണ്. |
| (ബി) തൊഴിൽ കാർഡ് വിതരണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള കേസ് നിലവിലുണ്ടോ; വിശദീകരിക്കുമോ; | (ബി) തൊഴിൽ വകുപ്പ് മുമ്പാകെ കേസുകൾ നിലവിലില്ല. |
| സി) ഫിഷിംഗ് ഹാർബറിലെ സമാധാനാന്തരീക്ഷം നിലനിർത്തുന്നതിനും സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും വേണ്ടി തൊഴിൽ കാർഡ് വിതരണം ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | (സി) ടി 26 തൊഴിലാളികൾക്ക് കേരള ചുമട്ടുതൊഴിലാളി നിയമപ്രകാരമുള്ള രജിസ്ട്രേഷൻ അനുവദിക്കുവാൻ ചട്ടപ്രകാരം സാധിക്കുകയില്ല. എന്നാൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ നിന്നും ആവശ്യപ്പെട്ടതു പ്രകാരം ലേബർ പാസ് നൽകുന്നതിലേക്ക് 330 പേരുടെ ലിസ്റ്റ് അവിടേക്ക് അയച്ചു കൊടുത്തിട്ടുണ്ട്. ലേബർ പാസ് വിതരണത്തിനുള്ള തുടർനടപടികൾ ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റാണ് സ്വീകരിക്കേണ്ടത്. |

Sreekala

സെക്ഷൻ ഓഫീസർ